REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 25.09.2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ജമ്മു കശ്മീർ നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ടാം ഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും. ഹരിയാനയിൽ പ്രചാരണം ഊർജ്ജിതം.
- സ്കൂൾ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് കേന്ദ്രത്തിന്റെ മാർഗനിർദേശങ്ങൾ നടപ്പാക്കണമെന്ന് സംസ്ഥാനങ്ങളോട് സുപ്രീം കോടതി.
- ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് രണ്ടാം ഘട്ട അദാലത്ത് ഒക്ടോബർ 25 മുതൽ നവംബർ 15 വരെ നടത്തുമെന്ന് മന്ത്രി കെ രാജൻ.
- സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ഈ മാസം അവസാനത്തോടെ ഓൺലൈൻ ബുക്കിങ്ങ് സംവിധാനം ഏർപ്പെടുത്തുമെന്ന് മന്ത്രി വീണാജോർജ് .
- മലപ്പുറത്ത് നിപ നിയന്ത്രണം പിൻവലിച്ചു.
- കായിക വകുപ്പിന്റെ 'ഒരു സ്കൂൾ ഒരു ഗെയിം പദ്ധതി' യ്ക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം.

## വാർത്തകൾ വിശദമായി

**ജമ്മു കശ്മീരിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും. 26 മണ്ഡലങ്ങളാണ് ഇന്ന് വിധിയെഴുതുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

....(വോയ്സ്)...

രാവിലെ 7 മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. പരമാവധി ആളുകൾ വോട്ടവകാശം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

മൂന്ന് ഘട്ടങ്ങളിലായാണ് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് നടക്കുന്നത്. അവസാന ഘട്ടത്തിൽ 40 മണ്ഡലങ്ങളിൽ അടുത്ത ചൊവ്വാഴ്ചയാണ് വോട്ടെടുപ്പ്.

മുതിർന്ന കോൺഗ്രസ് നേതാവും ലോക്സഭയിലെ പ്രതിപക്ഷ നേതാവുമായ രാഹുൽ ഗാന്ധി ഇന്ന് ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ജമ്മുവിൽ പ്രൊഫഷണലുകളുമായി അദ്ദേഹം ആശയവിനിമയം നടത്തും. തുടർന്ന് കോൺഗ്രസ് പ്രചാരണ റാലിയിൽ അദ്ദേഹം പങ്കെടുക്കും.

അടുത്ത മാസം അഞ്ചിന് നിയമ സഭാ തിരഞ്ഞെടുപ്പ് നടക്കുന്ന ഹരിയാനയിൽ, പ്രചാരണം കൂടുതൽ സജീവമായി. പ്രധാനമന്ത്രി നരേന്ദ്ര മോദി ഗൊഹാനയിൽ ഇന്ന് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. നാളെ നമോ ആപ്പിലൂടെ പ്രധാനമന്ത്രി, ഹരിയാനയിലെ തൊഴിലാളികളുമായി ആശയവിനിമയം നടത്തും.

ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്രിവാൾ റാനിയ മണ്ഡലത്തിൽ റോഡ് ഷോ നടത്തി. ബിജെപി തന്നെ കള്ളക്കേസിൽ കുടുക്കി 5 മാസം ജയിലിൽ അടച്ചെന്ന് റോഡ്ഷോയ്ക്ക് ശേഷം സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

ജമ്മുകശ്മീരിലും ഹരിയാനയിലും അടുത്ത മാസം എട്ടിനാണ് വോട്ടെണ്ണൽ.

✪✪✪

സ്കൂൾ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് കേന്ദ്രത്തിന്റെ മാർഗനിർദേശങ്ങൾ നടപ്പാക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും സുപ്രീം കോടതി നിർദേശിച്ചു. സംസ്ഥാനങ്ങളുമായും കേന്ദ്രഭരണപ്രദേശങ്ങളുമായും ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കാനും ദേശീയ ബാലാവകാശ കമ്മീഷനോട് കോടതി ആവശ്യപ്പെട്ടു. സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച മാർഗനിർദേശങ്ങൾ കേന്ദ്രം അറിയിച്ചിട്ടുണ്ടെന്നും അതിന്റെ

പകർപ്പുകൾ ചീഫ് സെക്രട്ടറിമാർക്കോ തത്തുല്യ ഉദ്യോഗസ്ഥർക്കോ അയയ്ക്കാൻ കേന്ദ്ര ഗവൺമെന്റിനോട് നിർദേശിച്ചിട്ടുണ്ടെന്നും ജസ്റ്റിസുമാരായ B.V നാഗരത്ന, N.കോടീശ്വർ സിങ് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ഈ മാസം അവസാനത്തോടെ ഓൺലൈൻ ബുക്കിങ്ങിനും ഓൺലൈനായി തുകയടക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമെന്ന് മന്ത്രി വീണാജോർജ് അറിയിച്ചു.

ദേശീയ ആരോഗ്യദൗത്യം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ കോട്ടയം വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ആരോഗ്യകേന്ദ്രത്തിന്റെ പുതിയ ഒ.പി. മന്ദിരത്തിന്റെ ഉദ്ഘാടനവും കുടുംബാരോഗ്യ കേന്ദ്രപ്രഖ്യാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

80 കോടി രൂപ മുടക്കി നിർമിക്കുന്ന ചങ്ങനാശേരി താലൂക്ക് ആശുപത്രിയുടെ പുതിയ ബ്ലോക്കിന്റെ ടെൻഡർ നടപടി പൂർത്തിയായെന്നും നിർമാണ ഉദ്ഘാടനം ഉടൻ നടത്തുമെന്നും മന്ത്രി പറഞ്ഞു .

✪✪✪

ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി രണ്ടാം ഘട്ട അദാലത്ത് ഒക്ടോബർ 25 മുതൽ നവംബർ 15 വരെ നടത്തുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. താലൂക്ക് തലത്തിലാണ് അദാലത്ത് സംഘടിപ്പിക്കുക. ഓരോ താലൂക്കിലേയും സമയ ക്രമം നിശ്ചയിക്കുന്നതിന് ലാൻറ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയതായും മന്ത്രി അറിയിച്ചു. 25 സെൻറിൽ താഴെ സൗജന്യമായി തരം മാറ്റത്തിന് അർഹതയുള്ള ഫോം5, ഫോം 6 അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്. ഇപ്രകാരം അപേക്ഷകൾ പോർട്ടലിൽ സജ്ജീകരിക്കുന്നതിനായി സംസ്ഥാന ഐടി സെല്ലിന് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിലാണ് അദാലത്തുകൾ സംഘടിപ്പിക്കുകയെന്നും K.രാജൻ അറിയിച്ചു.

✪✪✪

വ്യവസായ സൗഹൃദ സൂചികയിൽ രാജ്യത്ത് കേരളത്തെ ഒന്നാമത് എത്തിച്ചതിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പ്രധാനപ്പെട്ട പങ്കുണ്ടെന്ന് മന്ത്രി M.B രാജേഷ് പറഞ്ഞു. കോട്ടയം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ നവീകരിച്ച കൗൺസിൽ ഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

വ്യവസായ സൗഹൃദ സൂചികയിൽ ഒൻപതു വിഭാഗങ്ങളിലാണ് കേരളം മുന്നിലെത്തിയതെന്നും, അതിൽ പ്രധാനപ്പെട്ടതെല്ലാം തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണെന്നും മന്ത്രി പറഞ്ഞു.

✪✪✪

വേണാട്, പാലരുവി ട്രെയിനുകളിലെ യാത്രാദുരിതം സംബന്ധിച്ച് റെയിൽവേ ഡിവിഷണൽ മാനേജറുമായി K.ഫ്രാൻസിസ് ജോർജ് M.P ചർച്ച നടത്തി. യാത്രാദുരിതത്തിന് പരിഹാരമെന്ന നിലയിൽ രാവിലെ പാലരുവി, വേണാട് ട്രെയിനുകൾക്കിടയിൽ പുനലൂർ-എറണാകുളം മെമു ട്രെയിൻ സർവീസ് ആരംഭിക്കണമെന്ന് M.P ആവശ്യപ്പെട്ടു.

പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കുമെന്ന് DRM ഉറപ്പ് നൽകിയതായി എം.പി അറിയിച്ചു.

✪✪✪

മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾക്കെതിരായ നടപടി കർശനമാക്കാൻ ജില്ലാ ഭരണകൂടവും തദ്ദേശ ഭരണ വകുപ്പും തീരുമാനിച്ചു.

പ്ലാസ്റ്റിക് കാരിബാഗുകൾ ഉൾപ്പെടെ ഒറ്റത്തവണ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ജില്ലയിലെ വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കാറ്ററിങ് സ്ഥാപനങ്ങൾ, ബേക്കറികൾ എന്നിവിടങ്ങളിലും ഒക്ടോബർ ഒന്ന് മുതൽ ലഭ്യമാകില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

ഒക്ടോബർ 15 മുതൽ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന ശക്തമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിലെ എല്ലാ ഗവൺമെന്റ് ഓഫീസുകളിലും ഹരിതപെരുമാറ്റച്ചട്ടം കർശനമായി നടപ്പാക്കുമെന്നും ജില്ലാകലക്ടർ പറഞ്ഞു.

✪✪✪

എറണാകുളം സിവിൽ സ്റ്റേഷനിൽ ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടക്കുന്നത് സംബന്ധിച്ച് ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ N.S.K ഉമേഷ് ആവശ്യപ്പെട്ടു. വിവിധ ഗവൺമെൻറ് വകുപ്പുകളിൽ നിയമനം നൽകാമെന്ന് വാഗ്ദാനം ചെയ്ത് പണം വാങ്ങിയ ഒരാളെ സെക്യൂരിറ്റി ജീവനക്കാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചിരുന്നു. വിരമിച്ച സൈനിക ഉദ്യോഗസ്ഥനാണെന്ന് അവകാശപ്പെട്ട് വ്യാജ തിരിച്ചറിയൽ കാർഡുമായാണ് ഇയാൾ തട്ടിപ്പ് നടത്തിയിരുന്നത്.

✪✪✪

മലപ്പുറം ജില്ലയിൽ നിപ രോഗബാധിത മേഖലയിൽ ഏർപ്പെടുത്തിയ കണ്ടെയിൻമെന്റ്സോൺ നിയന്ത്രണം ജില്ലാകളക്ടർ പിൻവലിച്ചു. 16 പേരുടെ പരിശോധനാ ഫലം കൂടി നെഗറ്റീവായെന്നും, 94 പേരുടെ ക്വാറന്റയിൻ ഇന്ന് അവസാനിക്കുമെന്നും മന്ത്രി വീണാ ജോർജ് തിരുവനന്തപുരത്ത് പറഞ്ഞു. ഇതു വരെ 104 പരിശോധനാ ഫലങ്ങളാണ് നെഗറ്റീവായത്.

രോഗലക്ഷണങ്ങളുമായി ഒരാളെ ഇന്നലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 28 പേർ പെരിന്തൽമണ്ണ M.E.S മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ മഞ്ഞപ്പിത്ത പ്രതിരോധത്തിൽ ജനങ്ങൾ അവബോധം പുലർത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഊർജ്ജിതമായ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ഒരു സ്കൂളിലെ 310 പേർക്കാണ് ഇതിനകം മഞ്ഞപ്പിത്തം റിപ്പോർട്ട് ചെയ്തത്. 15 പേർ ആശുപത്രിയിൽ ചികിത്സയിലാണ്. പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസ സമിതി ഇന്ന് യോഗം ചേരുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇന്ന് ലോക ഫാർമസിസ്റ്റ് ദിനം. ഇന്റർനാഷണൽ ഫാർമസ്യൂട്ടിക്കൽ ഫെഡറേഷനാണ് ദിനം സംഘടിപ്പിക്കുന്നത്. എല്ലായിടത്തും

ആരോഗ്യകരമായ ജനസമൂഹം കെട്ടിപ്പടുക്കുന്നതിൽ ഫാർമസിസ്റ്റുകൾ വഹിക്കുന്ന നിർണായക പങ്ക് തിരിച്ചറിയാനാണ് ദിനാഘോഷം. 'ഫാർമസിസ്റ്റുകൾ - ആഗോള ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്നു' എന്നതാണ് ഈ വർഷത്തെ ദിനാചരണ സന്ദേശം.

✪✪✪

കായിക വകുപ്പിന്റെ ഒരു സ്കൂൾ ഒരു ഗെയിം പദ്ധതിയ്ക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കം. തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഉച്ചകഴിഞ്ഞ് സ്പോട്സ് കിറ്റ് വിതരണോദ്ഘാടനം മന്ത്രി V.അബ്ദുറഹിമാൻ നിർവഹിക്കും.

തെരഞ്ഞെടുത്ത ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ ഒരു കായിക ഇനം നിശ്ചയിച്ച് ആവശ്യമായ കായികോപകരണങ്ങൾ നൽകുന്നതാണ് പദ്ധതി. കായികമേഖലയിൽ മികവ് കാണിക്കുന്ന 80 സ്കൂളുകളിൽ ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്ന പദ്ധതി പിന്നീട് കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കും.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കാലിക്കറ്റ് FC, തൃശൂർ മാജിക്ക് FC മത്സരം സമനിലയിൽ കലാശിച്ചു. കോഴിക്കോട് നടന്ന മത്സരത്തിൽ രണ്ട് ഗോൾ വീതം നേടി ഇരു ടീമുകളും സമനിലപാലിക്കുകയായിരുന്നു.

ഇന്ന് മലപ്പുറം FC, കണ്ണൂർ വാരിയേഴ്സിനെ നേരിടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബാളിൽ ഇന്ന് പഞ്ചാബ് FC , ഹൈദരാബാദിനെ നേരിടും. ഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകീട്ട് 7.30 നാണ് മത്സരം .

✪✪✪

ATP 250 ഹാങ്സൗ ഓപ്പൺ ടെന്നീസ് ഡബിൾസിൽ ഇന്ത്യൻ ജോഡികളായ ജീവൻ നെടുഞ്ചെഴിയൻ-വിജയ് സുന്ദർ പ്രശാന്ത് സഖ്യം കിരീടം നേടി. ജർമൻ സഖ്യത്തെയാണ് അവർ പരാജയപ്പെടുത്തിയത് .

✪✪✪

പൊതുമേഖല സ്ഥാപനമായ BSNL ഈ വർഷം അവസാനത്തോടെ കണ്ണൂർ , കാസർകോഡ് ജില്ലകളിലെ 1,014 ടവറുകളിൽ 4G സേവനങ്ങൾ ലഭ്യമാക്കും. BSNL സിൽവർ ജൂബിലിയുടെ ഭാഗമായി നൂതന പദ്ധതികൾ നടപ്പാക്കിവരികയാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

........(വോയ്സ്)..................

✪✪✪

കോട്ടയം കാഞ്ഞിരപ്പള്ളി പൂതക്കുഴിയിൽ ബൈക്കുകൾ തമ്മിൽ കൂട്ടിയിടിച്ച് ഉണ്ടായ അപകടത്തെ തുടർന്ന് ബസിനടിയിലേയ്ക്ക് തെറിച്ച് വീണ യുവാവ് മരിച്ചു. ഇടക്കുന്നം മുക്കാലി തോക്കനാട്ട് ആൽബിൻ തോമസ് ആണ് മരിച്ചത്.

ഇന്നലെ രാത്രി ഏഴോടെയായിരുന്നു അപകടം.

✪✪✪

ആന്ധ്ര -ഒഡീഷ തീരത്തിന് സമീപം മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂനമർദ്ദം രൂപപ്പെട്ടതിനാൽ കേരളത്തിൽ അടുത്ത ദിവസങ്ങളിൽ വ്യാപകമായി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് കാസർകോഡ്, കണ്ണൂർ, ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

കേരള - കർണ്ണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനു സാധ്യതയുണ്ടെന്നും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

✪✪✪